സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നെല്ല് സംഭരണ സമയത്ത് ഉടലെടുക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങൾ ചേർന്ന് ഒരു കൺസോർഷ്യം രൂപീകരിക്കുകയും ടി കൺസോർഷ്യത്തിന്റെ ആഭിമുഖ്യത്തിൽ അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ഒരു ആധുനിക റൈസ് മിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്താകെ അധികാരപരിധിയുള്ള ഒരു ഫെഡറൽ സൊസൈറ്റി രൂപീകരിച്ച് കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും രണ്ട് റൈസ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ മില്ലുകൾ സ്ഥാപിതമാകുന്നതോടുകൂടി സമയബന്ധിതമായി നെല്ല് സംഭരിക്കുന്നതിന് കൂടുതൽ മെച്ചപ്പെട്ട നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഡി) സഹകരണ സംഘങ്ങൾ വഴി സംഭരിച്ച നെല്ലിന്റെ വില സംഭരണ സ്ഥലത്തുവച്ച് തന്നെ നൽകുവാൻ നടപടി സ്വീകരിക്കുമോ?

സഹകരണ സംഘങ്ങളെ നെല്ല് സംഭരണത്തിൽ നിന്നും ഒഴിവാക്കിയിരുന്നു.

**ജി. എസ്. ടി. വരുമാനം വർദ്ധിപ്പിക്കൽ**

28 (*328) ശ്രീ. സജീവ് ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ദേശീയതലത്തിൽ ജി. എസ്. ടി. വരുമാനം വർദ്ധിക്കുമ്പോൾ കേരളത്തിൽ പ്രതീക്ഷിച്ച ജി. എസ്. ടി. വരുമാനം ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ദേശീയതലത്തിലുള്ള ജി.എസ്.ടി വരുമാന വർദ്ധനയ്ക്ക് ആനുപാതികമായി കേരളത്തിലും ജി.എസ്.ടി വരുമാന വർദ്ധനവ് ഉണ്ടാകുന്നുണ്ട്.

(ബി) കഴിഞ്ഞ അഞ്ച് വർഷത്തെ നികുതി പിരിവിൽ എഴുപത്തിരണ്ടായിരത്തി അറുന്നൂറ്റി എട്ട് കോടി രൂപയുടെ നഷ്ടം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നികുതി പിരിവ് സംവിധാനത്തിന്റെ പോരായ്മയായി സർക്കാർ കരുതുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഇപ്രകാരമുള്ള നികുതി നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റുമായി താരതമ്യം ചെയ്യുമ്പോൾ കഴിഞ്ഞ അഞ്ചു വർഷത്തെ നികുതി പിരിവിൽ (ജി.എസ്.ടി ഉൾപ്പെടെ) 2016-17, 2017-18 വർഷങ്ങളിൽ മാത്രമേ നികുതി പിരിവിൽ കുറവുണ്ടായിട്ടുള്ളൂ. (1672.48 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്). നിലവിലെ കോവിഡ് ലോക്ക്ഡൗൺ സാഹചര്യങ്ങളിൽ നികുതി പിരിവ് സംവിധാനത്തിൽ പോരായ്മകൾ ഉള്ളതായി കണക്കാക്കുന്നില്ല. എന്നിരുന്നാലും നിലവിലെ ജി.എസ്.ടി സംവിധാനത്തെ അടിസ്ഥാനപ്പെടുത്തി, നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി വകുപ്പിനെ ആധുനികവത്കരിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) വ്യാപാരി വ്യവസായികളുടെ യഥാർത്ഥ ജി. എസ്. ടി. കണക്കുകൾ പരിശോധിക്കാൻ ഓഡിറ്റ് ഫീൽഡ് ഓഫീസുകൾ രൂപീകരിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ?

സംസ്ഥാന നികുതി വരുമാനത്തിന്റെ ഗണ്യമായ അംശം നൽകുന്ന വകുപ്പാണ് കേരള സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ്. പുതിയ നികുതി സമ്പ്രദായം നടപ്പിലാക്കിയതോടെ നികുതി ഭരണ സംവിധാനത്തിലും കാതലായ മാറ്റങ്ങൾ അനിവാര്യമാണ്. എന്നാൽ KGST, VAT എന്നീ കാലഘട്ടങ്ങളിലുണ്ടായിരുന്ന നികുതി ഭരണ സംവിധാനമാണ് ഇപ്പോൾ ജി.എസ്.ടി കാലഘട്ടത്തിലും തുടർന്നുപോരുന്നത്. ഈ സംവിധാനത്തെ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. ഇത് സംബന്ധിച്ച് 2017-18-ലെ ബഡ്ജറ്റിൽ പ്രതിപാദിച്ചിട്ടുണ്ട്. (para 268). ആയതനുസരിച്ച് വകുപ്പിന്റെ നികുതി ഭരണ സംവിധാനം സുഗമമാക്കുന്നതിനായി 13.08.2018-ലെ സ.ഉ (സാധാ) നം.593/2018/നികുതി പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറി, നികുതി വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്, സംസ്ഥാന നികുതി കമ്മീഷണർ എന്നിവർ അംഗങ്ങളായും, നികുതി വകുപ്പ് സെക്രട്ടറി കൺവീനറായും ഒരു ഉന്നതതല സമിതി രൂപീകരിക്കുകയുണ്ടായി. നികുതി സംവർധനത്തിനും അതിന്റെ ഭരണ നിർവ്വഹണത്തിനും ഉതകുന്ന തരത്തിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തി വരുമാന മാർഗ്ഗം ശക്തിപ്പെടുത്തുന്നതിനായുള്ള ശിപാർശ ഇപ്പോൾ സർക്കാർ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നികുതി വെട്ടിപ്പ് തടയാൻ വാങ്ങിയ ക്യാമറ സംവിധാനം ഉപയോഗിക്കുന്നില്ലായെന്ന ആക്ഷേപം വസ്തുതാപരമാണോ;

നികുതി വെട്ടിപ്പ് തടയാൻ വാങ്ങിയ ക്യാമറ സംവിധാനം ഉപയോഗിക്കുന്നില്ലായെന്ന ആക്ഷേപം വസ്തുതാപരമല്ല. എ.എൻ.പി.ആർ ക്യാമറ സംവിധാനം വഴി ചരക്കുനീക്കം നിരീക്ഷിച്ച് ഇ-വേ ബിൽ സംവിധാനവുമായി ഏകോപിപ്പിച്ച് നികുതി വെട്ടിപ്പ് തടയുന്നതിനായി പ്രവർത്തിക്കുന്നു. എ.എൻ.പി.ആർ. ക്യാമറ സംവിധാനം ഒൻപതു ജില്ലകളിലായി ഇരുപത്തിമൂന്നു സ്ഥലങ്ങളിൽ സ്ഥാപിച്ച് ഫലപ്രദമായി നിരീക്ഷിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ അമരവിള, മൂലക്കോണം, പിരായുംമൂട്, വെള്ളറട, ഉച്ചക്കട, കൊല്ലം ജില്ലയിൽ ആര്യങ്കാവ്, ഇടുക്കി ജില്ലയിൽ കുമിളി, പാലക്കാട് ജില്ലയിൽ വാളയാർ, നടുപ്പുണി, വേലന്താവളം, മീനാക്ഷിപുരം, ഗോപാലപുരം, ഗോവിന്ദാപുരം, ഒഴലപ്പതി എന്നിവിടങ്ങളിലും മലപ്പുറം ജില്ലയിൽ വഴിക്കടവ്, കോഴിക്കോട് കുഞ്ഞിപ്പള്ളി, വയനാട് ജില്ലയിൽ മുത്തങ്ങ, തോൽപ്പെട്ടി, കണ്ണൂർ ജില്ലയിൽ കൂട്ടുപുഴ, ന്യൂ മാഹി, കാസർഗോഡ് ജില്ലയിൽ ബംഗ്റ മഞ്ചേശ്വരം, പെർള, ആദൂർ എന്നിവിടങ്ങളിലാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്. എ.എൻ.പി.ആർ. ക്യാമറ സംവിധാനത്തിൽ നിന്നുള്ള അലെർട്ടുകൾ പരിശോധിച്ചതിൽനിന്നും 22-7-2021 വരെ 22 കേസുകളിൽ 88.58 ലക്ഷം രൂപ നികുതിയും പെനാൽറ്റിയുമായി ചുമത്തിയിട്ടുണ്ട്. ക്യാമറയുടെ ദൃശ്യങ്ങളിൽ നിന്നുള്ള ഡാറ്റ ക്രോസ്സ് വെരിഫൈ ചെയ്യുന്നതിന് ഇ-വേ ബിൽ ഡാറ്റ ഇപ്പോൾ ലഭ്യമാണ്.

(ഇ) പല തവണ മാപ്പാക്കൽ പദ്ധതി നടപ്പാക്കിയിട്ടും വാറ്റ്-ലെ കുടിശ്ശിക പിരിക്കാൻ സാധിക്കാതെ വന്നിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

ജി.എസ്.ടി.-ക്ക് മുൻപുള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ എത്രയും പെട്ടെന്ന് തീർപ്പാക്കി കൂടുതൽ ശ്രദ്ധ ജി.എസ്.ടി.- യിലേക്ക് നൽകുന്നതിന്റെ ഭാഗമായാണ് കഴിഞ്ഞ വർഷം ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതനുസരിച്ച് വാറ്റ് നിയമത്തിന്മേലുള്ള നികുതി കുടിശ്ശികകളിൽ പിഴയും പലിശയും പൂർണ്ണമായും ഒഴിവാക്കി കൊടുക്കുകയും നികുതി തുകയിൽ ഇളവ് അനുവദിക്കുകയും ചെയ്തു. കഴിഞ്ഞ വർഷത്തെ ആംനസ്റ്റി പദ്ധതി പ്രകാരം ഒരു വ്യാപാരിയുടെ എല്ലാ വർഷങ്ങളിലെ നികുതി കുടിശ്ശികയും ഒരുമിച്ചു മാത്രമേ ആംനസ്റ്റി ഓപ്റ്റ് ചെയ്യാൻ സാധിക്കുമായിരുന്നുള്ളൂ. ഇത് പല വ്യാപാരികളും ആംനസ്റ്റി പദ്ധതി സ്വീകരിക്കാതിരിക്കുന്നതിന് കാരണമായി. ഇതിൽനിന്നും വ്യത്യസ്തമായി ഈ വർഷത്തെ ആംനസ്റ്റി പദ്ധതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

വ്യാപാരികൾക്ക് ഓരോ വർഷത്തെയും നികുതി കുടിശ്ശികയിന്മേൽ ആംനസ്റ്റി ഓപ്റ്റ് ചെയ്യുവാനുള്ള അവസരം നൽകിയിട്ടുണ്ട്. ഇത് കൂടുതൽ വ്യാപാരികൾ ആംനസ്റ്റി പദ്ധതി സ്വീകരിക്കാൻ ഇടയാക്കുമെന്നാണ് കരുതുന്നത്. കഴിഞ്ഞ വർഷത്തെ ആംനസ്റ്റി പദ്ധതി പ്രകാരം ഏകദേശം 271 കോടി രൂപയും ഈ വർഷത്തെ ആംനസ്റ്റി പദ്ധതി പ്രകാരം 30-7-2021 വരെ 94 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

**വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങൾ**

29 (*329) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ വ്യവസ്ഥകൾ നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിയമങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഏതെങ്കിലും നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനം നടത്തി 3 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 26-7-2020-ലെ സർക്കാർ ഉത്തരവ് പ്രകാരം ഡോ. കെ. സി. സണ്ണി, വൈസ്ചാൻസലർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ചെയർമാനായും, മുൻ നിയമ സെക്രട്ടറിയും നിയമപരിഷ്കാര കമ്മീഷൻ വൈസ്-ചെയർമാനുമായ ശ്രീ. കെ. ശശിധരൻ നായർ മെമ്പറായും ശ്രീ. റ്റി. നന്ദകുമാർ ഐ.എ.എസ്(റിട്ട.) മുൻ ഗവൺമെന്റ് സെക്രട്ടറി പ്രത്യേക ക്ഷണിതാവായും 3 അംഗ വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പ് സംബന്ധിച്ച് വിവിധ വ്യവസായ അസോസിയേഷനുകളുമായും മറ്റ് വ്യവസായ ഘടകങ്ങളുമായും കൂടിയാലോചനകൾ നടത്തി പ്രസക്തമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും സൂക്ഷ്മ വിശകലനം നടത്തി 3 മാസത്തിനകം ശിപാർശ സമർപ്പിക്കുന്നതിന് പ്രസ്തുത സമിതിയെ ചുമതലപ്പെടുത്തിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly